**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ഇതിനുപുറമേ, 2021 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടാവുകയും, അവ പദ്ധതി നിർവ്വഹണത്തെ ഒരളവു വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകി കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം' നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങളും അർഹമായ കടമെടുപ്പ് അനുമതിയും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി സ്വീകരിച്ച നിയമപരവും ഭരണഘടനാപരവുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ഇതിനുപുറമേ, 2021 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടാവുകയും, അവ പദ്ധതി നിർവ്വഹണത്തെ ഒരളവു വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകി കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം' നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങളും അർഹമായ കടമെടുപ്പ് അനുമതിയും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ